പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 949 14-10-2026-ൽ മറുപടിയ്ക്ക്

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ലഭ്യത

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം നഗരത്തിൽ വിശിഷ്യാ പ്രാന്ത പ്രദേശങ്ങളിൽ അനുദിനം വർദ്ധിച്ചുവരുന്ന കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിവെള്ള ലഭ്യത സംബന്ധമായ തൽസ്ഥിതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: തിരുവനന്തപുരം നഗരത്തിലെ കഴക്കൂട്ടം മേഖലയിലെ ജലവിതരണം മൺവിള, പുതുകുന്ന്, പോങ്ങുമ്മൂട് എന്നിവിടങ്ങളിലെ ജലസംഭരണികളെയും വിതരണ ശൃംഖലകളെയും ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. അരുവിക്കര ജലശുദ്ധീകരണശാലയിൽ നിന്ന് നഗരത്തിലെ വിവിധ വാർഡുകളിലേക്ക് ജലം എത്തിക്കുന്ന ട്രാൻസ്മിഷൻ മെയിൻ കാലപ്പഴക്കം മൂലം ബലക്ഷയം സംഭവിച്ച് നിരന്തരം പൊട്ടുന്നത് ജലലഭ്യതയെയും വിതരണത്തെയും ബാധിക്കുന്നു.

കഴക്കൂട്ടം മേഖലയിൽ അമൃത് പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകളുടെ എണ്ണം വർദ്ധിച്ചതിനാലും കുടിവെള്ളത്തിന്റെ ഉപയോഗം കൂടിയതിനാലും നിലവിൽ ഉയർന്ന പ്രദേശങ്ങളിൽ ആവശ്യമായ അളവിൽ കുടിവെള്ളം എത്തിക്കുവാൻ സാധിക്കുന്നില്ല. കൂടാതെ അതിവേഗം നഗരവത്കരണം നടക്കുന്ന മേഖലയായതിനാൽ നിലവിലുള്ള ഉപഭോഗത്തിലെ വർധനവ്, ബഹുനില കെട്ടിടങ്ങളുടെയും, ഫ്ലാറ്റുകളുടെയും എണ്ണം വർധിച്ചത്, പുതിയ ഗാർഹിക കണക്ഷനുകൾ വർധിച്ചത് തുടങ്ങിയ ഘടകങ്ങൾ മൂലം നിലവിലുള്ള വിതരണ ശൃംഖലയിൽ ജലാവശ്യകതയും വിതരണശേഷിയും തമ്മിൽ വലിയ അന്തരം രൂപപ്പെട്ടിട്ടുണ്ട്. കൂടാതെ തിരുമല, പാപ്പനംകോട് എസ്റ്റേറ്റ്, കാലടി, അമ്പലത്തറ, ആറ്റുകാൽ, വെള്ളാർ, തിരുവല്ലം, പാച്ചല്ലൂർ, പൂജപ്പുര, തൃക്കണ്ണാപുരം, പുന്നക്കാമുകൾ, വലിയവിള, വട്ടിയൂർക്കാവ്, കാഞ്ഞിരംപാറ, പാങ്ങോട്, മുടവൻമുകൾ, നെടുങ്കാട്, പനത്തുറ, കൈതവിള തുടങ്ങിയ പ്രദേശങ്ങളിലെ ഉയർന്ന ഭാഗങ്ങളിലും പൈപ്പ് ലൈനിന്റെ അവസാന ഭാഗങ്ങളിലും കുടിവെള്ളക്ഷാമവും വിതരണ ലൈനുകളിൽ കുറഞ്ഞ മർദ്ദവും നേരിടുന്നുണ്ട്. ബീമാപള്ളി തുടങ്ങിയ വിതരണ ശൃംഖലയുടെ വാലറ്റ പ്രദേശങ്ങളിൽ പൈപ്പ് ലൈനുകളിലെ മർദ്ദം കുറയുന്നത് കാരണം കുടിവെള്ളക്ഷാമം നേരിടുന്നു.

(ബി) തിരുവനന്തപുരം നഗരത്തിൽ ആവശ്യമായ കുടിവെള്ളത്തിന്റെ 40% മാത്രമേ വിതരണത്തിനായി ലഭ്യമായിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ആവശ്യകതയുടെ 40% മാത്രമാണ് ലഭ്യമാകുന്നതെന്നത് വസ്തുതാപരമായി കൃത്യമല്ല. എന്നാൽ നിലവിൽ ലഭ്യമായ ജലം എല്ലാ ഉപഭോക്താക്കൾക്കും ആവശ്യമായ അളവിലും മർദ്ദത്തിലും ദിവസേന വിതരണം ചെയ്യാൻ പര്യാപ്തമല്ല. അതിനാൽ ഭൂരിഭാഗം പ്രദേശങ്ങളിലും മുൻകൂട്ടി നിശ്ചയിച്ച ഷെഡ്യൂൾ പ്രകാരം വാൽവുകൾ ക്രമീകരിച്ചാണ് ജലവിതരണം നടത്തുന്നത്. ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി കോർപ്പറേഷന്റെ ഡെപ്പോസിറ്റ് പ്രവൃത്തിയിൽ ബൂസ്റ്റർ പമ്പുകൾ സ്ഥാപിച്ചുവരുന്നു. കൂടാതെ, ആറന്നൂർ വാർഡിൽ 24×7 ജലവിതരണത്തിനായുള്ള പൈലറ്റ് പഠനം തയ്യാറാക്കിയിട്ടുണ്ട്. ഇതിലൂടെ ചോർച്ചകൾ കണ്ടെത്തി ജലനഷ്ടം കുറയ്ക്കുന്നതിനും വിതരണശൃംഖലയുടെ കാര്യക്ഷമത മെച്ചപ്പെടുത്തി കൂടുതൽ ജലം ഉപഭോക്താക്കളിലെത്തിക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പൈലറ്റ് പഠനത്തിന്റെ ഫലങ്ങളുടെ അടിസ്ഥാനത്തിൽ സമാന നടപടികൾ മറ്റ് പ്രദേശങ്ങളിലും ഘട്ടംഘട്ടമായി നടപ്പിലാക്കാൻ സാധിക്കും.

(സി) ജില്ലയിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായി പേപ്പാറ ഡാമിന്റെ സംഭരണശേഷി ഉയർത്തുന്നതിന് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: തിരുവനന്തപുരം നഗരത്തിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ളലഭ്യത ഉറപ്പാക്കുന്നതിനായി പേപ്പാറ ഡാമിന്റെ ജലനിരപ്പ് 107.50 മീറ്ററിൽ നിന്ന് രൂപകൽപ്പന പ്രകാരമുള്ള 110.50 മീറ്ററായി ഉയർത്താനും സംഭരണശേഷി 52.60 ദശലക്ഷം ഘനമീറ്ററിൽ നിന്ന് 70 ദശലക്ഷം ഘനമീറ്ററായി വർധിപ്പിക്കാനും കേരള വാട്ടർ അതോറിറ്റി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. പേപ്പാറ ഡാം പേപ്പാറ വന്യജീവി സങ്കേതത്തിൽ ഉൾപ്പെടുന്നതിനാൽ 1972-ലെ വന്യജീവി (സംരക്ഷണ) നിയമ പ്രകാരമുള്ള അനുമതിയും സംസ്ഥാന വന്യജീവി ബോർഡിന്റെയും ദേശീയ വന്യജീവി ബോർഡ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയും ആവശ്യമാണ് ഇതിനായി കേരള വാട്ടർ അതോറിറ്റി 06.11.2025-ൽ പരിവേഷ് 2.0 പോർട്ടലിൽ അപേക്ഷ നൽകി. തുടർനടപടികളുടെ ഭാഗമായി 16.08.2026-ൽ FP/KL/RainHarvest/556099/2025 നമ്പറിൽ അപേക്ഷ പുതുക്കിയും സമർപ്പിച്ചിട്ടുണ്ട്.

(ഡി) കഴക്കൂട്ടം മേഖലയിലെ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനും കുടിവെള്ള വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി അരുവിക്കരയിൽ അധികമായി ആരംഭിക്കുവാൻ ശിപാർശ ചെയ്തിരുന്ന ജലശുദ്ധീകരണ പ്ലാന്റിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

മറുപടി: കഴക്കൂട്ടം മേഖലയിൽ ശുദ്ധജലലഭ്യത വർധിപ്പിക്കുന്നതിനായി അരുവിക്കരയിൽ 100 എം.എൽ.ഡി. ശേഷിയുള്ള പുതിയ ജലശുദ്ധീകരണശാലയും അവിടെനിന്ന് പേരൂർക്കട വരെ പുതിയ പൈപ്പ് ലൈനും ഉൾപ്പെടുന്ന 197 കോടി രൂപയുടെ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് നിലവിൽ തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ